ശ്രീ. ടി. അബ്ദുറഹ്മാൻ: ഏകീകരിക്കാൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അടുത്തവർഷം മുതൽ എല്ലായിടത്തും ഏകീകരിക്കുന്നതാണ്.

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: ചാർജ്ജ് ഈടാക്കുന്നതു് ആരാണ്?

ശ്രീ. ടി. അബ്ദുറഹ്മാൻ: ടെൻഡർവിളിച്ചുകൊടുക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പഞ്ചായത്തുകളെ ഏല്പിച്ചുകൊടുക്കണമെന്നു് ആരെങ്കിലും ഗവണ്മെന്റിൽ നിവേദനം നടത്തിയിട്ടുണ്ടോ; അതു് പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കാൻ നടപടിയെടുത്തുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: ഇപ്പോൾ പറയാൻനിവൃത്തിയില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: അടുത്തവർഷം എല്ലായിടത്തും ഐകരൂപ്യപ്പെടുത്തുമെന്നുപറഞ്ഞു. എല്ലായിടത്തും ചാർജ്ജ് ഈടാക്കുമെന്നാണോ, അതോ എല്ലായിടത്തും ചാർജ്ജ് ഇല്ലാതാക്കുമെന്നാണോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: കടത്തുവള്ളങ്ങളിൽ ചാർജ്ജ് ഈടാക്കുന്ന സ്ഥലത്തുകൂടി ചാർജ്ജ് ഈടാക്കാതിരിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നതു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: എത്രമണിക്കൂർ ഈ ജോലിക്കാർ ജോലി ചെയ്യണമെന്നാണു് വ്യവസ്ഥ?

ശ്രീ. ടി. അബ്ദുറഹ്മാൻ: കൃത്യമായി പറയാൻ വയ്യാ.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ദിവസം 24 മണിക്കൂർവീതം ഇവർ ജോലിചെയ്യുന്നുണ്ടു്; 8 മണിക്കൂർ ജോലിചെയ്താൽ മതിയെന്ന ഏർപ്പാടുണ്ടായിട്ടും ഇത്രയധികം നേരം ജോലിചെയ്യിക്കുന്നതിനെതിരായി നടപടിയെടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: രാത്രിയും പകലും മുഴുവൻ സമയവും ജോലിചെയ്താലേ 24 മണിക്കൂറാകൂ. ഇക്കാര്യത്തിൽ എതിരഭിപ്രായം ഉണ്ടായിട്ടില്ല.

പിൻവലിച്ച കേസ്സുകൾ.

* 1492. [3] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര കേസ്സുകൾ പിൻവലിക്കുവാൻ ഗവണ്മെന്റു് കോടതികൾക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്;

(ബി) തൽഫലമായി എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടു; എത്ര കേസ്സുകളിൽ ഗവണ്മെന്റു നിർദ്ദേശം കോടതി തിരസ്കരിക്കുകയുണ്ടായി?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ, ബി) വിശദവിവരങ്ങൾ ശേഖരിച്ചിട്ടില്ല. മൊത്തം 1,170 കേസുകൾ പിൻവലിക്കാൻ അപേക്ഷിച്ചിട്ടുണ്ടെന്നറിയുന്നു.

ശ്രീ. സി. എ. മാത്യു: കോടതികൾ പല കേസ്സുകളിലും ഗവണ്മെന്റിന്റെ നിർദ്ദേശം നിരസിക്കാൻ പറഞ്ഞിട്ടുള്ള കാരണമെന്താണെന്നറിയാമോ;

ശ്രീ. സി. അച്യുതമേനോൻ: ഓരോ കേസ്സിനും ഓരോ കാരണമായിരിക്കും പറയുന്നതു്. പൊതുവെ ഒരു കാരണം പറഞ്ഞതായിട്ടറിവില്ല.

ശ്രീ സി. എ. മാത്യു: വ്യക്തമായ തെളിവുകളുള്ളപ്പോൾ ഗവണ്മെന്റു് ആവശ്യമില്ലാതെ കോടതികളുടെ അധികാരത്തിൽ ഇടപെടുന്നതായ

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതിനെപ്പറ്റി അറിയാമോ; അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഗവണ്മെന്റ് കേസ്സുകൾ പിൻവലിക്കാൻ അപേക്ഷിക്കും. കോടതിക്ക് യുക്തമെന്നു തോന്നുന്നതു് അനുവദിക്കും, അല്ലെങ്കിൽ നിരസിക്കും, അതാണു് സ്ഥിതി.

ശ്രീ. എം. നാരായണക്കുറുപ്പ്: പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുള്ള കേസ്സുകൾ പലതും ശിക്ഷിച്ചിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ;

ശ്രീ. സി. അച്യുതമേനോൻ: ചിലതു ശിക്ഷിച്ചിട്ടുള്ളതായി അറിയാം.

വിദ്യാഭ്യാസം സംബന്ധിച്ചു നടത്തിയ പ്രസംഗങ്ങൾ.

* 1493. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങളെ ഉദ്ദേശിച്ചു് വിദ്യാഭ്യാസം സംബന്ധിച്ചു് എത്ര പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടു്;

(ബി) എന്തെല്ലാം വിഷയങ്ങളെപ്പറ്റിയാണു് പ്രസംഗങ്ങൾ നടത്തിയിട്ടുള്ളതു്;

(സി) പൊതുജന വിദ്യാഭ്യാസപുരോഗതിക്കു് ഈ പ്രസംഗപരമ്പര എന്തുമാത്രം സഹായിക്കും?

Minister for Education (**Shri Joseph Mundassery**):

(a) 24.

(b) Extension Lectures—List of Subjects.

Parassala centre.

1. Scope and methods of Comm unity Development.
2. Community Development of Kerala.
3. Conquest of Space.
4. Agrarian Development of Kerala. (1)
5. Do. (2)
6. Atom (i)

Quilon centre.

7. Mysterious Universe.
8. Evolutionery and Revolutionery Socialism.
9. Progress of the 2nd Five Year Plan.
10. Nature of light.
11. Achievements and Failures of Indian Democracy.
12. Atom (ii)

Ernakulam centre

13. Solar system.
14. Fundamentals of public finance.
15. Constitution of India I.
16. Do. II.
17. Social aims of Economic Planning.
18. Astronomy for the Layman.

LIBRARY ARCHIVES Kerala Legislative Assembly